മാധ്യമം

6 November 2016

# മത്സ്യത്തൊഴിലാളി സ്ത്രീ ശാക്തീകരണം: 'തീരനൈപുണ്യ' പരിശീലനം തുടങ്ങി

കൊച്ചി: മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തുന്ന 'തീരനൈപുണ്യ' ബഹുമുഖ പരിശീലന പരിപാടിക്ക് കൊച്ചിയിൽ തുടക്കമായി. ഫിഷറീസ് വകുപ്പിന് കീഴിലെ മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘവുമായി (സാഫ്) ചേർന്നാണ് സി.എം.എഫ്.ആർ.ഐ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതികൾക്ക് രണ്ട് മാസത്തെ പരിശീലനം നൽകുന്നത്. സാഫ് എക്സിക്യൂട്ടിവ് ഡയറക്ടർ സി.ആർ. സത്യവതി ഉദ്ഘാടനം ചെയ്തു.

തുടർവിദ്യാഭ്യാസ പ്രോത്സാഹനം, തൊഴിൽ വൈദഗ്ധ്യം, വ്യക്തിത്വ വികസനം, നേതൃപാടവശേഷി, സംരംഭകത്വം, ആശയവിനിമയ ശേഷി, മത്സരപരീക്ഷ പരിജ്ഞാനം തുടങ്ങിയ വൈവിധ്യമായ മേഖലകളിലാണ് പരിശീലനം നൽകുന്നത്. ആദ്യത്തെ ഒരു മാസം 70 ഓളം വിദഗ്ധരുടെ മേൽനോട്ടത്തിൽ ക്ലാസ്റൂം പരിശീലനവും തൊട്ടടുത്ത മാസം തെരഞ്ഞെടുത്ത മേഖലകളിൽ പ്രായോഗിക പരിശീലനവുമാണ് നൽകുക.

തീരനൈപുണ്യ പദ്ധതിയുടെ രണ്ടാംഘട്ടമാണ് ഇപ്പോഴത്തേത്. ഫെബ്രുവരി-ഏപ്രിൽ കാലയളവിൽ ഒന്നാം ഘട്ടത്തിൽ പരിശീലനം ലഭിച്ച ഭൂരിഭാഗത്തിനും തൊഴിൽ ലഭിച്ചു.

മത്സ്യമേഖലയുമായി സാമൂഹിക പ്രാധാന്യമുള്ള പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് തീരനൈപുണ്യ പരിശീലന പദ്ധതിയെന്ന് കോഴ്സ് ഡയറക്ടറും സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. ശ്യാം.എസ്.സലീം പറഞ്ഞു. ഡോ.വിപിൻ കുമാർ, ഡോ.വി. കൃപ, മാജാ ജോസ് എന്നിവർ സംസാരിച്ചു.